# കേരള സർക്കാർ

## ധനകാര്യ പരിശോധന (എൻ.റ്റി-എ) വകുപ്പ്

നം.71/18/ധന തിരുവനന്തപുരം, തീയതി: 31.07.2018

## സർക്കുലർ

വിഷയം :- ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ തയ്യാറാവാത്ത ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ.ഉ (പി) 506/92/ധന. തീയതി 20.08.1992.
2. സ.ഉ (പി) 2981/98/ധന. തീയതി 28.11.1998.

വിവിധ ഓഫീസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധനകളുമായി ബന്ധപ്പെട്ട് ഭരണവകുപ്പുകൾക്ക് നൽകാറുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ധനകാര്യ പരിശോധനാ വകുപ്പിന് നൽകണമെന്നും, തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടിയുണ്ടാവുമെന്നും സൂചനപ്രകാരമുള്ള ഉത്തരവുകളിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ ദിവസങ്ങളോളം പരിശോധന നടത്തി തയ്യാറാക്കുകയും മന്ത്രിതലത്തിൽ വരെ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സമഗ്രമായ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ യഥാസമയം പാലിക്കാതെ ചില വകുപ്പുകൾ സ്വന്തം നിലയിൽ വകുപ്പുതല പുനരന്വേഷണം നടത്തി കുറ്റരോപിതരായ ഉദ്യോഗസ്ഥരെ വെള്ളപൂശുകയും നടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കേണ്ടതും പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതും മനഃപൂർവ്വമായി കാലവിളംബം വരുത്തിയാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരേ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഷർമിള മേരി ജോസഫ്**
**ധനകാര്യ സെക്രട്ടറി (വ്യയം)**

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും, വകുപ്പ് മേധാവികൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ